

ഭരണഘടന എന്നത് വെറുമൊരു നിയമ പുസ്തകമല്ല.
അത് ജനങ്ങളുടെ അഭിലാഷമാണ്. അധികാരം കേന്ദ്രീകൃതമാകുന്ന
ഭരണഘടന അല്ല എനിക്ക് വേണ്ടത്.
ഭരണം ഗ്രാമങ്ങളിൽ നിന്നും നഗരങ്ങളിൽ നിന്നും തുടങ്ങണം.
അധികാരം ജനങ്ങളിലേക്ക് എത്രത്തോളം അടുക്കുന്നുവോ
അത്രത്തോളം ആ ഭരണഘടന വിജയിക്കും.

# TIRURANGADI

## DISTRICT NAME :MALAPPURAM












# തിരൂരങ്ങാടി നഗരസഭ

# വാർഷിക ബജറ്റ് 2026–27




**ശ്രീമതി സി.പി. ഹബീബ ബഷീർ**

ചെയർപേഴ്സൺ



**ശ്രീ. എം. അബ്ദുറഹിമാൻ കുട്ടി**

ഡെപ്യൂട്ടി ചെയർപേഴ്സൺ

# സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ

## വികസന സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീമതി ഷാഹിന തിരുനിലത്ത്
ചെയർപേഴ്സൺ

## ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീ. ഇഖ്ബാൽ കല്ലുങ്ങൽ
ചെയർപേഴ്സൺ

## ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീമതി സുഹ്റാബി സി.പി.
ചെയർപേഴ്സൺ

## പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീ. അബു വി.വി.
ചെയർപേഴ്സൺ

## വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി



ശ്രീമതി റിഫ ഫത്താഹ്
ചെയർപേഴ്സൺ

# നഗരസഭ കൗൺസിലർമാർ


സി.ടി. അബ്ദുള്ളക്കുട്ടി
ഡിവിഷൻ – 1


അസ്‌ലി പി.കെ.
ഡിവിഷൻ – 2


എ.ടി. വത്സല
ഡിവിഷൻ – 3


ഷാഹിന തിരുനിലത്ത്
ഡിവിഷൻ – 4


സബിത ഏലാപറമ്പത്ത്
ഡിവിഷൻ – 5


സുലൈമാൻ വി.വി.
ഡിവിഷൻ – 6


മൊയ്തീൻ എം.എൻ.
ഡിവിഷൻ – 7


അനിത കുമാരി
ഡിവിഷൻ – 8


നൗഷാദ് എം.എൻ.
ഡിവിഷൻ – 9


മുംതാസ് കെ.വി.
ഡിവിഷൻ – 10


ഷാഹുൽ ഹമീദ്
ഡിവിഷൻ – 11


ഇഖ്ബാൽ കല്ലുങ്ങൽ
ഡിവിഷൻ – 12


റിഫ ഫത്താഹ്
ഡിവിഷൻ – 13


ഹംസ എം.പി.
ഡിവിഷൻ – 14


അബ്ദുൽ നാസർ സി.പി.
ഡിവിഷൻ – 15


മുജീബ് കണ്ണാടൻ
ഡിവിഷൻ – 16


യു.കെ. മുസ്തഫ മാസ്റ്റർ
ഡിവിഷൻ – 17


ഹർഷബാനു ടി.കെ.
ഡിവിഷൻ – 18


സൈഫുന്നീസ
ഡിവിഷൻ – 19


സുഹ്റാബി സി.പി.
ഡിവിഷൻ – 20


കെ.എം. മുഹമ്മദ്
ഡിവിഷൻ – 21


ഫൗസിയ കുർമത്ത്
ഡിവിഷൻ – 22


രാജീവ് കെ.പി.സി
ഡിവിഷൻ – 23


ആരിഫ വലിയാട്ട്
ഡിവിഷൻ – 24


സി.പി. ഹബീബ ബഷീർ
ഡിവിഷൻ – 25


സുജിനി എം.
ഡിവിഷൻ – 26


സാജിദ മേലേവീട്ടിൽ
ഡിവിഷൻ – 27


റബിയത്ത് പള്ളിയാളി
ഡിവിഷൻ – 28


മുബീന മനരിക്കൽ
ഡിവിഷൻ – 29


മുഹമ്മദ് അഫ്സൽ
ഡിവിഷൻ – 30


എം. അബ്ദുറഹിമാൻ കുട്ടി
ഡിവിഷൻ – 31


അയ്യൂബ് തലാപ്പിൽ
ഡിവിഷൻ – 32


സി.എം. സൽമ
ഡിവിഷൻ – 33


വാഹിദ ചെമ്പ
ഡിവിഷൻ – 34


റജുല എം.എൻ.
ഡിവിഷൻ – 35


അബു വി.വി.
ഡിവിഷൻ – 36


ഷിയാദ് ഹസ്സൻ
ഡിവിഷൻ – 37


ബുഷ്റ സി.
ഡിവിഷൻ – 38


അഡ്വ. സി. ഇബ്രാഹിംകുട്ടി
ഡിവിഷൻ – 39


സയ്യിദ് ഷൗക്കത്തലി തങ്ങൾ
ഡിവിഷൻ – 40

# നഗരസഭ സെക്രട്ടറി



ശ്രീ. റംസി ഇസ്മായിൽ

# വകുപ്പ് തലവൻമാർ



ശ്രീമതി മഞ്ജു മനോഹരൻ
അസി. എഞ്ചിനീയർ



ശ്രീ. സഹീർ പി.എസ്.
അസി. സെക്രട്ടറി



ശ്രീ. പ്രകാശൻ ടി.കെ.
ക്ലീൻ സിറ്റി മാനേജർ



# ആമുഖം

ബഹുമാന്യരേ,

തിരൂരങ്ങാടി നഗരസഭയുടെ പുതിയ ഭരണസമിതിയുടെ ആദ്യ ബജറ്റാണ് സഭയിൽ അവതരിപ്പിക്കുന്നത്. അതിൽ ഏറെ അഭിമാനവും സന്തോഷവും ഉണ്ട്. ജനങ്ങൾ നമുക്കു നൽകിയ വിശ്വാസത്തിന്റെയും ഉത്തരവാദിത്വത്തിന്റെയും പ്രതിഫലനമാണ് ഈ ബജറ്റ്. ബജറ്റ് ഒരു സാമ്പത്തിക രേഖ മാത്രമല്ല. മറിച്ച് നമ്മുടെ ഭരണസമിതിയുടെ ദർശനവും വികസന പ്രതിബദ്ധതയും വ്യക്തമാക്കുന്ന മാർഗ്ഗരേഖയാണ്. കഴിഞ്ഞ കാലത്തെ നേട്ടങ്ങളും നിലവിലെ സാമ്പത്തിക സാഹചര്യവും വിലയിരുത്തി കൊണ്ട് അടിസ്ഥാന സൗകര്യ വികസനം, ജനക്ഷേമം, സുസ്ഥിര വികസനം എന്നിവ ലക്ഷ്യമാക്കിയിട്ടുള്ള പുതിയ പദ്ധതികളാണ് ബജറ്റ് വിഭാവനം ചെയ്യുന്നത്.

സാമൂഹ്യ സാമ്പത്തിക വികസനത്തിനും പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവത്കരിക്കപ്പെട്ട സമൂഹത്തെ ചേർത്ത് നിർത്തി വികസനം എന്നത് എല്ലാവരിലേക്കും എത്തിക്കുന്നതിന് ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്. തൊഴിൽ, പശ്ചാതല വികസനം, സാങ്കേതിക വിദ്യ, മാലിന്യ നിർമ്മാർജ്ജനം, ആരോഗ്യ സംരക്ഷണം, വിദ്യാഭ്യാസം ഉൾപ്പെടെ സമൂഹത്തിലെ സമസ്ത മേഖലയും ഉൾക്കൊള്ളിച്ച് തിരൂരങ്ങാടി നഗരസഭയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുള്ളതാണ് ഈ ബജറ്റെന്ന് വിശ്വസിക്കുന്നു.

കേന്ദ്രസംസ്ഥാന വിഹിതങ്ങളും നഗരസഭയുടെ തനത് വരുമാനവും ഉപയോഗിച്ച് എല്ലാ മേഖലകൾക്കും അർഹമായ പ്രാധാന്യം നൽകി 2026–27 സാമ്പത്തിക വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ ഡെപ്യൂട്ടി ചെയർപേഴ്സൺ, ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, കൗൺസിൽ അംഗങ്ങൾ, നഗരസഭാ സെക്രട്ടറി, വകുപ്പ് തലവൻമാർ, മറ്റു നഗരസഭാ ജീവനക്കാർ ഉൾപ്പെടെ എല്ലാവർക്കും ഈ അവസരത്തിൽ നന്ദി രേഖപ്പെടുത്തുന്നു.

**സി.പി. ഹബീബ ബഷീർ**
ചെയർപേഴ്സൺ,
തിരൂരങ്ങാടി നഗരസഭ.



# കൃതജ്ഞത

തിരൂരങ്ങാടി നഗരസഭയുടെ പതിനൊന്നാമത് ബജറ്റ് അവതരിപ്പിക്കാനുള്ള അവസരം ലഭിച്ചതിലുള്ള സന്തോഷം രേഖപ്പെടുത്തുന്നു. തിരൂരങ്ങാടിയുടെ ചരിത്ര പശ്ചാത്തലവും ഭൂമി ശാസ്ത്രപരമായ സാഹചര്യങ്ങളും സാമ്പത്തിക സ്രോതസ്സും മനസ്സിലാക്കി പരമാവധി കുറ്റമറ്റരീതിയിൽ അവതരിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്. കഴിഞ്ഞ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി നൂതന പദ്ധതികൾക്ക് ഏറെ പ്രാധാന്യം കൊടുത്താണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. കൂടാതെ കഴിഞ്ഞ കാല അനുഭവങ്ങളുടെ വെളിച്ചത്തിലുള്ള പോരായ്മകൾ ഏറെകുറെ പരിഹരിക്കാനും ശ്രമിച്ചിട്ടുണ്ട്. 74,52,53,854/- (എഴുപത്തി നാല് കോടി അമ്പത്തി രണ്ട് ലക്ഷത്തി അമ്പത്തി മൂവായിരത്തി എണ്ണൂറ്റി അമ്പത്തി നാല്) രൂപ വരവും 66,23,03,000/- (അറുപത്തി ആറ് കോടി ഇരുപത്തി മൂന്ന് ലക്ഷത്തി മൂവായിരം) രൂപ ചെലവും 8,29,50,854/- (എട്ട് കോടി ഇരുപത്തി ഒമ്പത് ലക്ഷത്തി അമ്പതിനായിരത്തി എണ്ണൂറ്റി അമ്പത്തി നാല്) രൂപ മിച്ചവും വരുന്ന രീതിയിലാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. നഗരസഭയുടെ സമഗ്രമായ വികസനവും ജനക്ഷേമവും ലക്ഷ്യം വെച്ച് കൊണ്ടുള്ള ഈ ബജറ്റ് ബഹു. നഗരസഭാ കൗൺസിൽ മുമ്പാകെ അവതരിപ്പിക്കുമ്പോൾ ഒട്ടേറെ പേരോട് പ്രത്യേകം നന്ദി അറിയിക്കേണ്ടതുണ്ട്. ബഹുമാന്യ ചെയർപേഴ്സൺ, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, കൗൺസിലർമാർ, നഗരസഭാ സെക്രട്ടറി, മറ്റ് ജീവനക്കാർ എന്നിവരോടുള്ള ഹൃദ്യമായ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

**എം. അബ്ദുറഹിമാൻ കുട്ടി**
ഡെപ്യൂട്ടി ചെയർപേഴ്സൺ,
തിരൂരങ്ങാടി നഗരസഭ.

## തിരൂരങ്ങാടി നഗരസഭ 2025-30 ഭരണസമിതി അംഗങ്ങളുടെ വിവരങ്ങൾ

| ക്രമ നം. | വാർഡ് നമ്പർ, വാർഡിന്റെ പേര് | പേര് | വിലാസം | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | 1 തൃക്കുളം പാലത്തിങ്ങൽ | സി.ടി അബ്ദുള്ളക്കുട്ടി | ചെട്ടിയാംതൊടി പള്ളിപ്പടി പന്താരങ്ങാടി പി.ഒ - 676306 | 98471 21228 |
| 2 | 2 പതിനാറുങ്ങൽ | അസിലി പി.കെ. | പൂച്ചേങ്ങൽകുന്നത്ത് വടക്കേ മമ്പുറം പന്താരങ്ങാടി - 676306 | 9048171572 |
| 3 | 3 കാരയിൽ | എ.ടി വത്സല | ആശാരിത്തൊടി പന്താരങ്ങാടി - 676306 | 98952 19212 |
| 4 | 4 കക്കുന്നത്തുപാറ | ഷാഹിന | തിരുനിലത്ത് പന്താരങ്ങാടി - 676306 | 97462 71860 |
| 5 | 5 പന്താരങ്ങാടി | സബിത ഏലാപറമ്പത്ത് | ഏലാപറമ്പത്ത് ഹൗസ് പന്താരങ്ങാടി പി.ഒ - 676306 | 97451 25442 |
| 6 | 6 കരിപറമ്പ് | സുലൈമാൻ വി.വി. | വെള്ളാനവളപ്പിൽ കരിപറമ്പ് തിരൂരങ്ങാടി പി.ഒ - 676306 | 98469 90080 |
| 7 | 7 മാനിപ്പാടം | മൊയ്തീൻ എം.എൻ. | മുക്കിൽ നമ്പിമഠത്തിൽ തിരൂരങ്ങാടി പി.ഒ - 676306 | 93879 70895 |
| 8 | 8 ചെമ്മാട് നോർത്ത് | അനിത കുമാരി | കോബള തിരൂരങ്ങാടി പി.ഒ - 676306 | 99462 92098 |
| 9 | 9 മമ്പുറം | നൗഷാദ് എം.എൻ | എം.എൻ ഹൗസ് എസ്.എം റോഡ്, ചെമ്മാട് തിരൂരങ്ങാടി പി.ഒ - 676306 | 9847325555 |
| 10 | 10 തിരൂരങ്ങാടി ഈസ്റ്റ് | മുംതാസ് sl.hn | കൂനംവീട്ടിൽ ഈസ്റ്റ് ബസാർ തിരൂരങ്ങാടി പി.ഒ - 676306 | 73560 01901 |
| 11 | 11 സൗദാബാദ് | ഷാഹുൽ ഹമീദ് | കഴുംങ്ങുംതോട്ടത്തിൽ കക്കാട് പി.ഒ - 676306 | 99952 59909 |
| 12 | 12 കക്കാട് ഈസ്റ്റ് | ഇക്ബാൽ കല്ലുങ്ങൽ | കല്ലുങ്ങൽ തിരൂരങ്ങാടി വഴി കക്കാട് പി.ഒ - 676306 | 97461 01838 |
| 13 | 13 കരുമ്പിൽ | റിഫ ഫത്താഹ് കെ.കെ | കൂർമത്ത് കോലോത്തിയിൽ കരുമ്പിൽ, വെന്നിയൂർ പി.ഒ 676508 | 81389 57154 |

| | | | | |
|---|---|---|---|---|
| 14 | 14<br>വെന്നിയൂർ | ഹംസ. എം.പി | മണിപറമ്പത്ത്<br>നെല്ലിക്കച്ചെന<br>വെന്നിയൂർ പി.ഒ - 676508 | 99476 36696 |
| 15 | 15<br>കപ്രാട് | അബ്ദുനാസർ | ചക്കംപറമ്പിൽ, കപ്രാട്<br>ചുള്ളിപ്പാറ പി.ഒ - 676508 | 90037336830 |
| 16 | 16<br>മാട്ടിൽ | മുജീബ് കണ്ണാടൻ | കണ്ണാടൻ, ചാലാട്,<br>വെന്നിയൂർ പി.ഒ - 676508 | 98953 62425 |
| 17 | 17<br>കാച്ചടി | യു.കെ മുസ്തഫ മാസ്റ്റർ | ഉള്ളാട്ടുകാട്ടിൽ<br>കൊടിമരം, വെന്നിയൂർ പി.ഒ<br>676508 | 80864 30433 |
| 18 | 18<br>ചുള്ളിപ്പാറ<br>ഈസ്റ്റ് | ഹർഷബാനു. ടി.കെ | കളത്തിൽ<br>ചുള്ളിപ്പാറ പി.ഒ - 676508 | 95269 65498 |
| 19 | 19<br>ചുള്ളിപ്പാറ<br>വെസ്റ്റ് | സൈഫുന്നീസ | ഭഗവതി കാവുങ്ങൽ<br>ചുള്ളിപ്പാറ പി.ഒ - 676508 | 95621 74179 |
| 20 | 20<br>ചുള്ളിപ്പാറ<br>നോർത്ത് | സി.പി. സുഹ്റാബി | ചക്കംപറമ്പിൽ<br>ചുള്ളിപ്പാറ പി.ഒ - 676508 | 97448 87429 |
| 21 | 21 കുണ്ടലങ്ങാട് | കെ.എം.മുഹമ്മദ് | കരിമ്പിൽ മികച്ച, കരുമ്പിൽ,<br>വെന്നിയൂർ.പി.ഒ-676508 | 9497149422 |
| 22 | 22<br>കരുമ്പിൽ വെസ്റ്റ് | ഫൗസിയ ടീച്ചർ | കൂർമ്മത്ത് കോലാത്തിയിൽ,<br>തിരൂരങ്ങാടി, കക്കാട്.പി.ഒ-676306 | 7560936356 |
| 23 | 23<br>കക്കാട് | രാജീവ് ബാബു.കെ.പി.സി | കോട്ടുവലക്കാട്, തിരൂരങ്ങാടി,<br>തിരൂരങ്ങാടി.പി.ഒ-676306 | 9745612011 |
| 24 | 24<br>കൊയിലിപ്പാടം | ആരിഫ വലിയാട്ട് | വലിയാട്ട്, കൊയിലിപ്പാടം, കക്കാട്.പി.ഒ-<br>676306 | 9037776636 |
| 25 | 25<br>മേലെചെന | സി.പി.ഹബീബ ബഷീർ | മന്നന്തല പടന്ന, പതിനാറുങ്ങൽ,<br>പന്താരങ്ങാടി.പി.ഒ-676306 | 9745625248 |
| 26 | 26<br>താഴെചെന | സുജിനി എം. | മുള്ളമുക്കിൽ, കക്കാട്, കക്കാട്.പി.ഒ-<br>676306 | 9544667894 |
| 27 | 27<br>ചെറപ്പുറത്താഴം | സാജിദ മേലേവീട്ടിൽ | മേലേവീട്ടിൽ, താഴെചിന,<br>തിരൂരങ്ങാടി.പി.ഒ-676306 | 9656269698 |
| 28 | 28 തിരൂരങ്ങാടി | റബിയത്ത് പി. | പള്ളിയാളി, ടി.സി.റോഡ്,<br>തിരൂരങ്ങാടി.പി.ഒ-676306 | 9746873306 |
| 29 | 29<br>ചന്തപ്പടി | മുബീന മനരിക്കൽ | മനരിക്കൽ, കമ്പത്ത് റോഡ്,<br>തിരൂരങ്ങാടി.പി.ഒ-676306 | 9961160168 |
| 30 | 30<br>സി. കെ. നഗർ<br>ഈസ്റ്റ് | മുഹമ്മദ് അഫ്സൽ | കല്ലുങ്ങൽ, , സി.കെ.നഗർ,<br>തിരൂരങ്ങാടി.പി.ഒ-676306 | 9961276664 |

| | | | | |
|---|---|---|---|---|
| 31 | 31<br>സി. കെ . നഗർ | എം.അബ്ദുറഹിമാൻ കുട്ടി | മണ്ണറാട്ടിൽ, ചെമ്മാട്, തിരൂരങ്ങാടി.പി.ഒ-676306 | 9895925271 |
| 32 | 32<br>സി. കെ . നഗർ സൌത്ത് | അയ്യൂബ് തലാപ്പിൽ | തലാപ്പിൽ, സി.കെ.നഗർ, ചെമ്മാട്, തിരൂരങ്ങാടി.പി.ഒ-676306 | 9037745845 |
| 33 | 33<br>കുംഭംകടവ് | സി.എം.സൽമ | ചുക്കാൻ മേലോട്ടിൽ, സി.കെ.നഗർ, തിരൂരങ്ങാടി.പി.ഒ-676306 | 9995416150 |
| 34 | 34<br>വെഞ്ചാലി | വാഹിദ ചെമ്പ | ചെമ്പ, കൊടിഞ്ഞി റോഡ്, ചെമ്മാട്.പി.ഒ-676306 | 9605684895 |
| 35 | 35<br>കിസാൻ കേന്ദ്രം | റജുല.എം.എൻ | മെതുവിൽ നാലകത്ത്, ചെമ്മാട്, തിരൂരങ്ങാടി.പി.ഒ-676306 | 9746944194 |
| 36 | 36<br>പാങ്ങോട്ടുപാടം | അബു.വി.വി | വെള്ളാനവളപ്പിൽ, ചെമ്മാട്, തിരൂരങ്ങാടി.പി.ഒ-676306 | 9995120436 |
| 37 | 37<br>തൃക്കുളം | ഷിയാദ് ഹസ്സൻ | ചീനിക്കൽ, കരിപറമ്പ്, തിരൂരങ്ങാടി.പി.ഒ-676306 | 9961286209 |
| 38 | 38<br>കോട്ടുവാലക്കടവ് | ബുഷ്റ kn | ചെറുകാട്ടിൽ, പന്താരങ്ങാടി, തിരൂരങ്ങാടി.പി.ഒ-676306 | 9744097971 |
| 39 | 39<br>ആണിത്തറ | അഡ്വ.സി.ഇബ്രാഹിം കുട്ടി | ചാന്തു, പാലത്തിങ്ങൽ, പന്താരങ്ങാടി.പി.ഒ-676306 | 9995880660 |
| 40 | 40<br>പള്ളിപ്പടി | സയ്യിദ് ഷൗക്കത്തലി തങ്ങൾ | മേലുള്ളപുരയിൽ, തൃക്കുളം, പള്ളിപ്പടി, പന്താരങ്ങാടി.പി.ഒ-676306 | 9544588553 |

## പൊതുവിവരങ്ങൾ

| | |
|---|---|
| നഗരസഭയുടെ പേര് | : തിരൂരങ്ങാടി |
| ഉൾപ്പെടുന്ന വില്ലേജ് | : തിരൂരങ്ങാടി |
| നഗരസഭ രൂപീകരിച്ചത് | : 2015 |
| വിസ്തീർണ്ണം | : 17.73 ച.കി.മി |
| അതിരുകൾ | : |
| വടക്ക് | : കടലുണ്ടിപ്പുഴ |
| കിഴക്ക് | : കടലുണ്ടിപ്പുഴ |
| തെക്ക് | : നന്നമ്പ്ര, തെന്നല ഗ്രാമ പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : കടലുണ്ടിപ്പുഴ |
| താലൂക്ക് | : തിരൂരങ്ങാടി |
| ജില്ല | : മലപ്പുറം |
| നിയമസഭാമണ്ഡലം | : തിരൂരങ്ങാടി |
| ലോക്സഭാമണ്ഡലം | : പൊന്നാനി |
| ജനസംഖ്യ | : 56632 (2011-ലെ സെൻസസ് പ്രകാരം) |
| പുരുഷൻമാർ | : 26975 |
| സ്ത്രീകൾ | : 29657 |
| സാക്ഷരർ | : 38762 |
| പട്ടികജാതിക്കാർ | : പുരുഷൻമാർ – 651 |
| | സ്ത്രീകൾ – 687 |
| | ആകെ – 1338 |
| വാർഡുകൾ | : 40 |
| വീടുകൾ | : 12454 |
| നിലവിലുള്ള ഭരണസമിതി | : 2025 2030 |

## 2025-26 പുതുക്കിയ ബജറ്റ്
## സംക്ഷിപ്ത രൂപം

| | | |
|---|---|---|
| മുൻബാക്കി | - | 11,19,15,910 |
| തൻവർഷ വരവ് | - | 51,35,89,700 |
| ആകെ വരവ് | - | 62,55,05,610 |
| ആകെ ചെലവ് | - | 52,72,02,337 |
| നീക്കിബാക്കി | - | 30,73,985 |

## 2026-27 മതിപ്പ് ബജറ്റ്
## സംക്ഷിപ്ത രൂപം

| | | |
|---|---|---|
| മുൻബാക്കി | - | 30,73,985 |
| തൻവർഷ വരവ് | - | 74,21,79,869 |
| ആകെ വരവ് | - | 74,52,53,854 |
| ആകെ ചെലവ് | - | 66,23,03,000 |
| നീക്കിബാക്കി | - | 8,29,50,854 |

**ബഹുമാനപ്പെട്ട ചെയർപേഴ്സൺ, സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, കൌൺസിലർമാർ, നഗരസഭാ സെക്രട്ടറി, നഗരസഭയിലെ വിവിധ വകുപ്പ് മേധാവികൾ, നിർവ്വഹണ ഉദ്യോഗസ്ഥൻമാർ, ഘടകസ്ഥാപന മേധാവികൾ, മാധ്യമ പ്രവർത്തകർ, വിവിധ രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ബഹുമാന്യ വ്യക്തിത്വങ്ങൾ എല്ലാവർക്കും നമസ്കാരം.**

തിരൂരങ്ങാടി നഗരസഭയുടെ 2026 - 27 വർഷത്തെ ജനകീയ ബജറ്റ് ബഹു. നഗരസഭ കൌൺസിൽ മുമ്പാകെ അവതരിപ്പിക്കുന്നു.

2015 നവംബർ 1-ന് നിലവിൽ വന്ന തിരൂരങ്ങാടി നഗരസഭയുടെ 11-ാമത്തെ അഥവാ 2026 - 27 സാമ്പത്തിക വർഷത്തെ ബജറ്റിൽ 74,52,53,854/-(എഴുപത്തി നാല് കോടി അമ്പത്തി രണ്ട് ലക്ഷത്തി അമ്പത്തി മൂവായിരത്തി എണ്ണൂറ്റി അമ്പത്തി നാല്) രൂപ വരവും 66,23,03,000/-രൂപ (അറുപത്താറു കോടി ഇരുപത്തി മൂന്ന് ലക്ഷത്തി മൂവായിരം) രൂപ ചെലവും 8,29,50,854/- രൂപ (എട്ട് കോടി ഇരുപത്തി ഒമ്പത് ലക്ഷത്തി അമ്പതിനായിരത്തി എണ്ണൂറ്റി അമ്പത്തി നാല്) രൂപ നീക്കിയിരിപ്പും ആണ് ബജറ്റ് വിഭാവനം ചെയ്യുന്നത്.

<u>നികുതി വരവുകൾ</u>

നഗരസഭയിൽ നിലവിൽ 21829 കെട്ടിടങ്ങൾക്കാണ് കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളത്. ആയതിൽ 107 എണ്ണം യു എ നമ്പറും 21822 എണ്ണം സ്ഥിരം നമ്പറുമാണ് അനുവദിച്ചിട്ടുള്ളത്. നടപ്പ് വർഷത്തിൽ 2026 മാർച്ച് 6 വരെ 42,95,695/- (നാൽപത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റി അഞ്ച്) രൂപ അരിയറും 2,05,07,676/- (രണ്ട് കോടി അഞ്ച് ലക്ഷത്തി ഏഴായിരത്തി അറുന്നൂറ്റി എഴുപത്തി ആറ്) രൂപ വാർഷിക നികുതിയും ചേർത്ത് ആകെ 2,48,03,371/-(രണ്ട് കോടി നാൽപത്തി എട്ട് ലക്ഷത്തി മൂവായിരത്തി മുന്നൂറ്റി എഴുപത്തി ഒന്ന്) രൂപയാണ് വസ്തു നികുതി ഇനത്തിൽ ലഭ്യമായിട്ടുള്ളത്. ബജറ്റ് വർഷത്തിൽ 3,50,00,000/- (മൂന്ന് കോടി അമ്പത് ലക്ഷം) രൂപ വസ്തു നികുതിയും 1,40,00,000/-(ഒരു കോടി നാൽപത് ലക്ഷം) രൂപ അരിയറും ചേർത്ത് ആകെ 4,90,00,000/-(നാല് കോടി തൊണ്ണൂറ് ലക്ഷം രൂപ) വസ്തു നികുതി ഇനത്തിൽ വരവ് പ്രതീക്ഷിക്കുന്നു.

തൊഴിൽ നികുതി ഇനത്തിൽ സ്ഥാപനങ്ങളിൽ നിന്ന് 15,75,950/-(പതിനഞ്ച് ലക്ഷത്തി എഴുപത്തി അയ്യായിരത്തി തൊള്ളായിരത്തി അമ്പത്) രൂപയും ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ആയി 40,69,370/-(നാൽപത് ലക്ഷത്തി അറുപത്തി ഒമ്പതിനായിരത്തി മൂന്നൂറ്റി എഴുപത്) രൂപയുമാണ് 2026 മാർച്ച് 6 വരെ നടപ്പ് വർഷത്തിൽ പിരിഞ്ഞ് കിട്ടിയിട്ടുള്ളത്. ബജറ്റ് വർഷത്തിൽ സ്ഥാപനങ്ങളിൽ നിന്ന് 25,00,000/-(ഇരുപത് ലക്ഷം) രൂപയും ജീവനക്കാരിൽ നിന്ന് 60,50,000/- (അറുപത് ല്കഷത്തി അമ്പതിനായിരം) രൂപയും തൊഴിൽ നികുതിയായി വരവ് പ്രതീക്ഷിക്കുന്നു.

നികുതി ഇതര വരവുകൾ

വാടക ഇനത്തിൽ 2,64,48,000/-(രണ്ട് കോടി അറുപത്തി നാല് ലക്ഷത്തി നാൽപത്തി എട്ടായിരം) രൂപയും സ്വകാര്യ ആശുപത്രികളുടേയും മറ്റ് സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ഫീസ്, ലൈസൻസുകൾ, ബിൽഡിംഗ് പെർമിറ്റ് ഉൾപ്പെടെ ഫീസ് ഇനത്തിൽ 2,10,27,500/-(രണ്ട് കോടി പത്ത് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അഞ്ഞൂറ്) രൂപയും ഫോറങ്ങളുടേയും മറ്റും വിൽപ്പന ഇനത്തിൽ 27,00,000/-(ഇരുപത്തി ഏഴ് ലക്ഷം) രൂപയും ബാങ്ക് അക്കൌണ്ടുകളിൽ നിന്നുള്ള പലിശ ഇനത്തിൽ 22,00,000/-(ഇരുപത്തി രണ്ട് ലക്ഷം) രൂപയും ഫിക്സഡ് ഡെപ്പോസിറ്റുകളിൽ നിന്നുള്ള പലിശ ഇനത്തിൽ 45,00,000/-(നാൽപത്തഞ്ച് ലക്ഷം) രൂപയും ഉൾപ്പെടെ ആകെ 6,77,95,500/-(ആറ് കോടി എഴുപത്തി ഏഴ് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അഞ്ഞൂറ്) രൂപ നികുതി ഇതര വരുമാനം പ്രതീക്ഷിക്കുന്നു.

ജനറൽ പർപ്പസ് ഫണ്ട് വിഹിതമായി 5,08,03,000/- (അഞ്ച് കോടി എട്ട് ലക്ഷത്തി മൂവായിരം) രൂപ ഉൾപ്പെടെ നടപ്പ് വർഷത്തെ 30,73,985/-(മുപ്പത് ല്ക്ഷത്തി എഴുപത്തി മൂവായിരത്തി തൊള്ളായിരത്തി എൺപത്തി അഞ്ച്) രൂപ ക്ലോസിംഗ് ബാലൻസ് അടക്കം ആകെ 74,52,53,854/- (എഴുപത്തി നാല് കോടി അമ്പത്തി രണ്ട് ല്ക്ഷത്തി അമ്പത്തി മൂവായിരത്തി എണ്ണൂറ്റി അമ്പത്തി നാല്) രൂപ വരവ് പ്രതീക്ഷിക്കുന്നു.

ഗ്രാൻറുകൾ

പൊതു വിഭാഗം വികസന ഫണ്ടിൽ 7,02,20,000/-(ഏഴ് കോടി രണ്ട് ലക്ഷത്തി ഇരുപതിനായിരം) രൂപയും പട്ടികജാതി വികസന ഫണ്ടായി 70,91,000/- (എഴുപത് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം) രൂപയും ധനകാര്യ കമ്മീഷൻ ബേസിക് ഗ്രാൻറായി 2,52,95,000/-(രണ്ട് കോടി അമ്പത്തി രണ്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം) രൂപയും ധനകാര്യ കമ്മീഷൻ ഉദ്ദേശ ഗ്രാൻറ് ഇനത്തിൽ 2,79,02,369/-(രണ്ട് കോടി എഴുപത്തി ഒമ്പത് ലക്ഷത്തി രണ്ടായിരത്തി മൂന്നൂറ്റി അറുപത്തി ഒമ്പത്) രൂപയും റോഡിതര മെയിൻറനൻസ് ഗ്രാൻറായി 3,69,92,000/-(മൂന്ന് കോടി അറുപത്തി ഒമ്പത് ല്ക്ഷത്തി തൊണ്ണൂറ്റി രണ്ടായിരം) രൂപയും എ യു ഇ ജി എസ് പദ്ധതിയ്ക്കായി രണ്ട് കോടി രൂപയും സംയോജിത ശിശു വികസന പ്രവർത്തനത്തിനായുള്ള കേന്ദ്രസർക്കാർ വിഹിതമായി 40,00,000/-(നാൽപത് ലക്ഷം) രൂപയും പി എം എ വൈ പദ്ധതിയ്ക്കായുള്ള കേന്ദ്ര - സംസ്ഥാ വിഹിതമായി രണ്ട് കോടി രൂപയും ഹെൽത്ത് ഗ്രാൻറായി 2,50,00,000/-(രണ്ട് കോടി അമ്പത് ലക്ഷം) രൂപയും പ്രത്യേക ഗ്രാൻറായി 3 കോടി രൂപയും ഉൾപ്പെടെ ആകെ പദ്ധതി ചെലവുകൾക്കായി 30,61,36,369/-(മുപ്പത് കോടി അറുപത്തി ഒന്ന് ലക്ഷത്തി മുപ്പത്തി ആറായിരത്തി മൂന്നൂറ്റി അറുപത്തി ഒമ്പത്) രൂപ പദ്ധതി ചെലവുകൾക്കായുള്ള വരവ് പ്രതീക്ഷിക്കുന്നു.

## സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

നഗരസഭയിൽ 2026 മാർച്ച് 6 വരെയുള്ള കണക്ക് അനുസരിച്ച് 116 കർഷക പെൻഷനും 3966 വാർദ്ധക്യ കാല പെൻഷനും 687 വികലാംഗ പെൻഷനും 41 അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷനും 169 വിധവാ പെൻഷനും 2051 സ്ത്രീ സുരക്ഷാ പെൻഷനും ഉൾപ്പെടെ ആകെ 7030 പെൻഷനുകളാണ് നടപടി ക്രമങ്ങൾ പൂർത്തിയാക്കി വിതരണം നടത്തികൊണ്ടിരിക്കുന്നത്. ബജറ്റ് വർഷത്തിൽ ഈ ഇനത്തിനായി 21,00,84,000/-(ഇരുപത്തൊന്ന് കോടി എൺപത്തി നാലായിരം) രൂപ ഉൾപ്പെടെ നോൺ പ്ലാൻ ഗ്രാൻറായി ആകെ 25,98,95,000/-(ഇരുപത്തി അഞ്ച് കോടി തൊണ്ണൂറ്റി എട്ട് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരം) രൂപ വരവ് പ്രതീക്ഷിക്കുന്നു.

## ചെലവുകൾ

2026 - 27 വർഷത്തിൽ അനിവാര്യ ചുമതലകൾക്കായി 11,50,76,000/-(പതിനൊന്ന് കോടി അമ്പത് ലക്ഷത്തി എഴുപത്തി ആറായിരം) രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ സെക്രട്ടറി ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളം, ബോണസ്സ്, ജനപ്രതിനിധികളുടെ ഹോണറേറിയം ഉൾപ്പെടെ ആകെ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾക്കായി 7,74,65,000/-(ഏഴ് കോടി എഴുപത്തി നാല് ലക്ഷത്തി അറുപത്തി അയ്യായിരം) രൂപ പ്രത്യേകം ഉൾക്കൊള്ളിച്ചിട്ടുണ്ട്. നഗരസഭാ ഓഫീസിൻറെ വൈദ്യുതി ചാർജ്ജ് ഉൾപ്പെടെ ഓഫീസ് പരിപാലനം, കേസുകളുടെ നടത്തിപ്പ്, വാഹനങ്ങളുടെ മെയിൻറനൻസ്, വാട്ടർ ചാർജ്ജ് ഉൾപ്പെടെ ആകെ ഭരണചെലവുകൾക്കായി 1,49,91,000/-(ഒരു കോടി നാൽപത്തി ഒമ്പത് ല്ക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം) രൂപ പ്രത്യേകം നീക്കി വെച്ചിട്ടുണ്ട്. നഗരസഭയുടെ വിവിധ സംരക്ഷണ ചുമതലകൾക്കായി 2,26,20,000/-(രണ്ട് കോടി ഇരുപത്തി ആറ് ലക്ഷത്തി ഇരുപതിനായിരം) രൂപ വകയിരുത്തിയിട്ടുണ്ട്.

പദ്ധതി ചെലവുകൾക്കായി ആകെ 18,73,41,000/-(പതിനെട്ട് കോടി എഴുപത്തി മൂന്ന് ലക്ഷത്തി നാൽപത്തി ഒന്നായിരം) രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 1,47,00,000/-(ഒരു കോടി നാൽപത്തി ഏഴ് ലക്ഷം) രൂപ ഉൽപാദന മേഖലയിലും 14,86,41,000/- (പതിനാല് കോടി എൺപത്തി ആറ് ലക്ഷത്തി നാൽപത്തി ഒന്നായിരം) രൂപ സേവന മേഖലയിലും 2,40,00,000/- (രണ്ട് കോടി നാൽപത് ലക്ഷം) രൂപ പശ്ചാത്തല മേഖലയിലും ചെലവഴിക്കുന്നതിനാണ് ബജറ്റ് വിഭാവനം ചെയ്യുന്നത്. കൂടാതെ സ്ഥിരം ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി 7,40,00,000/- (ഏഴ് കോടി അറുപത് ലക്ഷം) രൂപ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ സ്കൂളുകൾക്ക് ഭൂമി വാങ്ങുന്നതിനായി 40,00,000/- (നാല്പത് ലക്ഷം) രൂപയും റോഡ് വികസനത്തിനായുള്ള പദ്ധതികൾക്ക് 4,00,00,000/- (നാല് കോടി) രൂപയും ശുചിത്വം മാലിന്യ സംസ്കരണം എന്നിവയ്ക്കായി 1,70,00,000/- (ഒരു കോടി എഴുപത് ലക്ഷം) രൂപയും തെരുവ് വിളക്കുകൾക്കായി 90,00,000/- (തൊണ്ണൂറ് ലക്ഷം) രൂപയും വാഹനങ്ങൾ വാങ്ങുന്നതിനായി 40,00,000 (നാൽപത് ലക്ഷം) രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നഗരസഭയിൽ നിന്നും ലഭ്യമാക്കേണ്ട സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പെടെ സംസ്ഥാന സർക്കാർ സ്പോൺസർ ചെയ്ത പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് 21,00,84,000/-(ഇരുപത്തൊന്ന് കോടി എൺപത്തി നാലായിരം) രൂപ ബജറ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

## കാർഷിക മേഖല

കാർഷിക മേഖലയിൽ ഏറെ വികസന മുന്നേറ്റം സൃഷ്ടിക്കുന്നതിന് ബജറ്റ് വിഭാവനം ചെയ്യുന്നുണ്ട്. നെൽ കൃഷിയ്ക്കുള്ള ധനസഹായത്തിന് പുറമെ മറ്റ് കൃഷികൾ പ്രോത്സാഹിപ്പിക്കുന്നതിനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. കൂടാതെ പരമ്പരാഗത കൃഷി രീതികളിൽ നിന്നും മാറി തുള്ളിനന പോളിഹൌസ് കൃഷി എന്നിവയിലേക്ക് കർഷകരെ മാറ്റുന്നതിനായി സബ് സിഡി ലഭ്യമാക്കും. കൂടാതെ ഗ്രോ ബാഗ് ഇഞ്ചി, മഞ്ഞൾ കൃഷി പ്രോത്സാഹിപ്പിക്കും. 50 ഗ്രോ ബാഗുകൾ അടങ്ങിയ ഒരു യൂണിറ്റാക്കി നഗരസഭയിലെ 800 വീടുകളിൽ ഇതിൻറെ പ്രയോജനം എത്തിക്കും. ഇതിനാവശ്യമായ സബ് സിഡി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

നഗരസഭയിൽ മണ്ണ് പരിശോധന മുതൽ കീടനിയന്ത്രണം വരെ സ്മാർട്ട് ഫോൺ മുഖേന നിയന്ത്രിക്കാവുന്ന സാങ്കേതികവിദ്യ കർഷകരിലേക്ക് എത്തിക്കുന്നതിനായി **സ്മാർട്ട് അഗ്രികൾച്ചറൽ ലാബ്** സ്ഥാപിക്കുന്നതിനും ഇതിൻറെ ഭാഗമായി കേരള കാർഷിക സർവ്വകലാശാലയുടെ സഹകരണത്തോടെ **ഒരു ടെക്നോളജി ട്രാൻസ്ഫർ ഹബ്** നഗരസഭയിൽ സ്ഥാപിക്കുന്നതിനുമു ശ്രമങ്ങൾ നടത്തും.

തെങ്ങ്, നെല്ല്, പച്ചക്കറി എന്നിവയിൽ നിന്ന് വൈവിധ്യമാർന്ന മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനവും യന്ത്രസാമഗ്രികളും ലഭ്യമാക്കും. കർഷകരെ ഗ്രൂപ്പുകളായി തരം തിരിച്ച് ഉത്പന്നങ്ങൾ നേരിട്ട് വിപണിയിൽ എത്തിക്കാൻ **അഗ്രി ബിസിനസ്സ് കൺസോർഷ്യം** രൂപീകരിക്കും.

കാർഷിക മേഖലയ്ക്ക് സഹായകരമായ രീതിയിൽ തോടുകളുടെയും കുളങ്ങളുടേയും നവീകരണം പൂർത്തിയാക്കും. കാർഷിക മേഖലയിലെ വിവിധ പ്രവർത്തനങ്ങൾക്കുള്ള വിഹിതം ഉത്പാദന മേഖലയ്ക്കായി നീക്കി വെച്ച തുകയിൽ നിന്നും കണ്ടെത്തും. കാർഷിക മേഖലയ്ക്ക് വകയിരുത്തിയ തുകയ്ക്ക് പുറമെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിപ്പിച്ച് കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സൌകര്യങ്ങൾ ബജറ്റ് വർഷത്തിൽ ഒരുക്കുന്നതാണ്.

## മൃഗസംരക്ഷണവും ക്ഷീരവികസനവും

മൃഗസംരക്ഷണത്തിൻറെ ഭാഗമായി നടന്ന് വരുന്ന പ്രവർത്തനങ്ങൾ ബജറ്റ് വർഷത്തിലും തുടരും. മൃഗാശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ മറ്റ് പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പുറമെ

മൃഗാശുപത്രിയിലേക്ക് ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് 2,00,000/- (രണ്ട് ലക്ഷം) രൂപയും പഴയ മൃഗാശുപത്രി കെട്ടിടം മെയിൻറനൻസ് നടത്തി അടിസ്ഥാന സൌകര്യങ്ങൾ വികസിപ്പിക്കുന്നതിനായി 30,00,000/- (മുപ്പത് ലക്ഷം) രൂപയും ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എ ബി സി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകും. ക്ഷീര വികസനത്തിനായി 15,00,000/- (പതിനഞ്ച് ലക്ഷം) രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

<u>വനിതാ വികസനം</u>

കുടുംബശ്രീ സംവിധാനം കാര്യക്ഷമമാക്കുന്നതിൻറെ ഭാഗമായി സ്ത്രീകൾക്ക് തൊഴിൽ പരിശീലനം ഉൾപ്പെടെയുള്ള പരിപാടികൾ സംഘടിപ്പിക്കും. ഇതിനായി താൽപര്യമുള്ള ഏജൻസികളെ പദ്ധതിയിൽ സമന്വയിപ്പിക്കും. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും മൈക്രോ സംരഭങ്ങൾക്കും സഹായം നൽകും. കാർഷിക മേഖലയിൽ കുടുംബശ്രീയുമായി ചേർന്ന് വനിതാ ഘടക പദ്ധതികൾ രൂപീകരിക്കും. ഇതിനാവശ്യമായ തുകകൾ ബജറ്റിലെ വനിതാ ഘടക പദ്ധതികൾക്കായി നീക്കി വെച്ചിട്ടുള്ള 65,00,000/- (അറുപത്തഞ്ച് ലക്ഷം) രൂപയിൽ നിന്നും ചെലവഴിക്കും. കെ എസ് ഡബ്ല്യ എം പി പദ്ധതിയിൽ ഉൾപ്പെടുത്തി വനിതകൾക്കായി പേപ്പർ ബാഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള സൌകര്യങ്ങളൊരുക്കും.

നഗരസഭയിലെ നിർദ്ധനരായ സ്ത്രീകൾ അനുഭവിക്കുന്ന വർത്തമാനകാലത്തിലെ പ്രധാന ആരോഗ്യ പ്രശ്നങ്ങളായ ഗർഭാശയ കാൻസർ, സ്തനാർബുദം എന്നിവ യഥാസമയം കണ്ടെത്തുന്നതിനും പ്രതിരോധിക്കുന്നതിനും പരിശോധനയും ചികിത്സയും തുടർസേവനവും ലഭ്യമാക്കുന്നതിനുമായി നഗരസഭ ആവിഷ്കരിച്ച നൂതന ആശയമാണ് **അതിജീവനം പദ്ധതി.** കണ്ണൂർ ആസ്ഥാനമായ മലബാർ കാൻസർ സൊസൈറ്റിയുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിൻറെ കോ - ഓർഡിനേഷനും മോണിറ്ററിംഗും കുടുംബശ്രീയുടെ അക്രഡിറ്റഡ് പരിശീലന ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത്. സ്ത്രീകളുടെ സ്തന - ഗർഭാശയ കാൻസറുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി നഗരസഭയിൽ തുടക്കം കുറിച്ച അതിജീവനം പദ്ധതി ബജറ്റ് വർഷത്തിൽ നടപ്പിലാക്കും. ഇതിനായി നടപ്പ് വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയ തുക സ്പിൽ ഓവറായി ബജറ്റ് വർഷത്തിലും ഉൾപ്പെടുത്തും.

<u>വിദ്യാഭ്യാസം, കല - കായികം</u>

നഗരസഭയിലെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉന്നത വിദ്യാഭ്യാസത്തിന് ശേഷം തൊഴിലന്വേഷിക്കുന്ന യുവാക്കൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനുമായി നൈപുണ്യ തിരുരങ്ങാടി എന്ന പേരിലുള്ള പ്രൊജക്ടിന് ബജറ്റ് വർഷം തുടക്കം കുറിക്കും. നഗരസഭയിലെ സ്കൂൾ അധ്യാപകർക്ക് ആധുനിക ബോധനരീതികളിൽ പരിശീലനം നൽകുക, വിദ്യാർത്ഥികൾക്ക് ശാസ്ത്രീയമായ കരിയർ മാപ്പിംഗ് നടത്തുക, വിദ്യാർത്ഥികൾക്ക് ശാസ്ത്രീയ പഠന മാർഗ്ഗങ്ങളിലും സ്വന്തം വികാര വിചാരങ്ങളെ തിരിച്ചറിഞ്ഞു ഉത്തരവാദിത്വബോധത്തോടെ പെരുമാറുന്നതിനും

പ്രവർത്തിക്കുന്നതിനും ഇമോഷണൽ ഇൻറലിജൻസ് അടിസ്ഥാനമാക്കിയുള്ള വിവിധ പരിശീലന പരിപാടികളും വർക്ക് ഷോപ്പുകളും സംഘടിപ്പിക്കുക എന്നിവ പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. കൂടാതെ C- DIT, KASE എന്നീ സർക്കാർ ഏജൻസികളുടെ സഹകരണത്തോടെ ഒരു മുനിസിപ്പൽ സ്കിൽ അക്കാദമി സ്ഥാപിച്ച് തൊഴിൽ അധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതിനും പദ്ധതി ലക്ഷ്യം വെയ്ക്കുന്നു. ഇതിൻറെ പ്രവർത്തനത്തിനായി നഗരസഭാ ഫണ്ടിന് പുറമെ വിവിധ ഗ്രാൻറുകളും സി എസ് ആർ ഫണ്ടുകളും കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്തും.

തിരൂരങ്ങാടി ഗവൺമെൻറ് ഹയർ സെക്കണ്ടറി സ്കൂളിൻറെ പാചക പുരയുടെ പൂർത്തീകരണത്തിനായി 30,00,000/- (മുപ്പത് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തുന്നു. കൂടാതെ ടി സ്കൂളിലെ സ്റ്റേജിന് മുകളിലായി സ്മാർട്ട് റൂം നിർമ്മിക്കുന്നതിനായി 15,00,000/- (പതിനഞ്ച് ലക്ഷം) രൂപയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. വെന്നിയൂർ ജി എം യു പി സ്കൂളിന് ഓപ്പൺ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി 50,00,000/- (അമ്പത് ലക്ഷം) രൂപയും വിവിധ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മിക്കുന്നതിനായി 60,00,000/- (അറുപത് ലക്ഷം) രൂപയും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ പ്രവർത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

കപ്രാട് ജി എൽ പി സ്കൂളിന് അത്യാവശ്യമായ സ്ഥലം അക്വസിഷൻ നടത്തുന്നതിനുള്ള നടപടികൾ ബജറ്റ് വർഷത്തിൽ ആരംഭിക്കുന്നതാണ്. നിലവിൽ രണ്ടര സെൻറ് ഭൂമിയാണ് സ്കൂളിന് സ്വന്തമായിട്ടുള്ളത്. ഇതിലേക്ക് പതിനേഴര സെൻറ് കൂടി ലാൻഡ് അക്വിസിഷൻ വഴി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി 40,00,000/- (നാൽപത് ലക്ഷം) രൂപ ബജറ്റിൽ പ്രത്യേകം ഉൾക്കൊള്ളിച്ചിട്ടുണ്ട്. നഗരസഭയിലെ മുഴുവൻ സ്കൂളുകളുടെയും മെയിൻറനൻസ് പ്രവർത്തികൾ യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

നഗരസഭയിൽ കായിക മേഖലയ്ക്കായി ഒരു സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള ശക്തമായ ശ്രമങ്ങൾ ബജറ്റ് വർഷത്തിൽ നടത്തുന്നതാണ്. നഗരസഭയുടെ പടിഞ്ഞാറൻ മേഖലയിൽ ഇതിനുള്ള സ്ഥലം കണ്ടെത്താൻ കഴിയുമെന്ന് വിശ്വസിക്കുന്നു. കൂടാതെ നഗരസഭയുടെ വിവിധ ഭാഗങ്ങളിലായി ഓപ്പൺ ജിം പദ്ധതി നടപ്പിലാക്കും. വിദ്യാഭ്യാസവും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 2,00,00,000/-(രണ്ട് കോടി) രൂപയും കലാ കായിക സംസ്കാരം യുവജന ക്ഷേമ പദ്ധതികൾക്കായി 1,50,00,000/-(ഒന്നര കോടി) രൂപയും ചേർത്ത് ഈ ഇനത്തിനായി 3,50,00,000/-(മൂന്നര കോടി) രൂപ ബജറ്റിൽ പ്രത്യേകം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾ

സാമൂഹ്യ സുരക്ഷാ പെൻഷൻ നിലവിലെ മാനദണ്ഡ പ്രകാരം അർഹരായവർക്ക് മുഴുവൻ പേർക്കും പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. വയോജന ക്ഷേമം പരിപാടികളുടെ ഭാഗമായി വയോമിത്രം പദ്ധതി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്നതാണ്.

ഇതിനായി സാമൂഹ്യ സുരക്ഷാ മിഷന് 10,00,000/- (പത്ത് ലക്ഷം) രൂപ സംഭവാന നൽകുന്നതിന് പുറമെ അധികം മരുന്ന് വാങ്ങുന്നതിനായി 10,00,000/- (പത്ത് ലക്ഷം) രൂപ കൂടി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്. വയോമിത്രം ഗുണഭോക്താക്കളെ ഉൾപ്പെടുത്തി വിപുലമായ വയോജന സംഗമം സംഘടിപ്പിക്കുന്നതാണ്. വയോജനങ്ങൾക്ക് പൊതുസ്ഥലത്ത് ഒത്ത് ചേരുന്നതിനും സംഗീതമുൾപ്പെടെ ആസ്വദിക്കാനുന്നതിന് തണലിടം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിൻറെ പൈലറ്റ് പ്രൊജക്ട് ഈ ബജറ്റ് വർഷത്തിൽ നടപ്പിലാക്കും. സമൂഹത്തിലെ മുതിർന്ന പൌരൻമാരും യുവാക്കളും തമ്മിൽ കൂടുതൽ ബന്ധപ്പെടുന്നതിനും അവരുടെ അനുഭവങ്ങൾ പങ്ക് വെയ്ക്കുന്നതിനും ഈ കേന്ദ്രം സഹായകരമാകും. വയോജനങ്ങൾക്കായി വിവിധ സ്ഥലങ്ങളിൽ **തണലോരം പദ്ധതി** നടപ്പിലാക്കും. കൂടാതെ വ്യത്യസ്ത ഇടങ്ങളിലായി വയോജനങ്ങൾക്ക് സായാഹ്നം ചെലവഴിക്കുന്നതിനായി **വർത്തമാനകോർണർ** സ്ഥാപിക്കും. വയോജനങ്ങളുടെ ഉല്ലാസത്തിനായി **വയോജനയാത്ര** സംഘടിപ്പിക്കാൻ ബജറ്റ് വർഷത്തിൽ ലക്ഷ്യമിടുന്നു. ഇതിനായി വാർഷിക പദ്ധതിയിൽ നൂതന പദ്ധതിയായി പ്രൊജക്ട് തയ്യാറാക്കും.

<u>ഭിന്നശേഷി ക്ഷേമപരിപാടികൾ</u>

ചന്തപ്പടി നഗരസഭാ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിൻറെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തും. ഇതിൻറെ ഭാഗമായി അടിസ്ഥാന സൌകര്യങ്ങൾ ഉൾപ്പെടെ കൂടുതൽ സംവിധാനങ്ങൾ ഇതിൻറെ ഭാഗമായി ഒരുക്കും. ഭിന്നശേഷിക്കാർക്ക് സ്പീച്ച് തെറാപ്പിയ്ക്ക് പുറമെ ബിഹേവിയർ, ഒക്യൂപേഷൻ തെറാപ്പി കൂടി ചെയ്യുന്നതിനുള്ള സൌകര്യങ്ങൾ ബജറ്റ് വർഷത്തിൽ ഏർപ്പെടുത്തും. കൂടാതെ ഭിന്നശേഷി, ഓട്ടിസം ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾക്ക് സൌജന്യ തൊഴിൽ പരിശീലനം സംഘടിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഭിന്നശേഷിക്കാർക്ക് മാത്രമായി പ്രത്യേകം കലാപരിപാടികൾ സംഘടിപ്പിക്കും. ഭിന്നശേഷി ക്ഷേമത്തിൻറെ ഭാഗമായി ആവശ്യമായ ഉപകരണങ്ങൾ നഗരസഭാ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകും.

<u>അംഗണവാടികൾ</u>

അംഗണവാടി മുഖേന നടപ്പിലാക്കുന്ന സമ്പൂർണ്ണ പോഷകാഹാര പദ്ധതി കൂടുതൽ ഫലപ്രദമായി നടപ്പിലാക്കും. ഇതിനായി 50,00,000/- (അമ്പത് ലക്ഷം) രൂപ ബജറ്റിൽ പ്രത്യേകം വകയിരിത്തിയിട്ടുണ്ട്. നഗരസഭയിൽ സ്വന്തമായി കെട്ടിടമില്ലാത്തതും എന്നാൽ ഭൂമി ലഭ്യമായതുമായ അഞ്ച് അംഗണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം നടപ്പ് വർഷത്തിൽ സ്വീകരിക്കുന്നതാണ്. അംഗണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 1,00,00,000/- (ഒരു കോടി) രൂപ ബജറ്റിൽ നീക്കി വെച്ചിട്ടുണ്ട്. അംഗണവാടികളുടെ മറ്റ് വികസന പരിപാടികൾ മെയിൻറനൻസ് ഗ്രാൻറിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ്.

**പട്ടികജാതി വികസനം**

പട്ടികജാതി വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പട്ടികജാതി കുടുംബങ്ങളുടെ വീട് വാസയോഗ്യമാക്കുന്നതിന് വാർഷിക പദ്ധതിയിൽ തുക വകയിരുത്തും. പട്ടികജാതി വിദ്യാർത്ഥികളുടെ ക്ഷേമത്തിനും വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും. പട്ടികജാതി ക്ഷേമത്തിനായി ബജറ്റിൽ 70,91,000/- (എഴുപത് ലക്ഷത്തി തൊണ്ണൂറ്റി ഒന്നായിരം) രൂപ ബജറ്റിൽ പ്രത്യേകം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**പാലിയേറ്റീവ് കെയർ പദ്ധതി**

പാലിയേറ്റീവ് കെയർ പദ്ധതി വിപുലീകരിക്കും. നഗരസഭയിലെ കിടപ്പ് രോഗികൾക്ക് സേവനം നൽകുന്നതിന് സർക്കാർ സംവിധാനത്തിന് പുറമെ സ്വകാര്യ മേഖലയുടേതായ നിരവധ പാലിയേറ്റീവ് യൂണിറ്റുകൾ പ്രവർത്തിച്ച് വരുന്നുണ്ട്. ഈ യൂണിറ്റുകളുടെ ഏകേപനവും മോണിറ്ററിംഗും നഗരസഭാ തലത്തിൽ കൊണ്ട് വരും. ഇതിനായി പാലിയേറ്റീവ് ഗ്രിഡ് എന്ന പോർട്ടൽ വഴി പ്രവർത്തനം നടത്തി വരുന്നുണ്ട്. പാലിയേറ്റീവ് പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കുന്നതിനും മികച്ച സേവനം ഉറപ്പ് വരുത്തുന്നതിനും ബജറ്റ് വർഷത്തിൽ ഉദ്ദേശിക്കുന്നു.

ഇതിൻറെ ഭാഗമായി നിലവിൽ ഒരു യൂണിറ്റായി പ്രവർത്തിക്കുന്ന സംവിധാനത്തെ രണ്ട് മേഖലകളാക്കി രണ്ട് യൂണിറ്റായി പ്രവർത്തിപ്പിക്കും. ഇതിലേക്ക് ഒരു കമ്മ്യൂണിറ്റി നഴ്സിനെ അധികമായി നിയമിക്കും. കൂടാതെ പാലിയേറ്റീവ് സംവിധാനത്തിനായി ഒരു വാഹനം ബജറ്റ് വർഷത്തിൽ വാങ്ങുന്നതിനുള്ള തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി കിടപ്പ് രോഗികൾക്കുള്ള സാമഗ്രികൾ വാങ്ങി എത്തിക്കുന്നതിനായി സമന്വയ എന്ന പേരിൽ പുതിയ പദ്ധതി നടപ്പിലാക്കും. ചാരിറ്റി സംഘടനകൾ നടത്തുന്ന പാലിയേറ്റീവ് കെയർ സംവിധാനങ്ങൾക്ക് സഹായകമായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സാധനസാമഗ്രികൾ വിതരണം ചെയ്യും. പാലിയേറ്റീവ് കെയർ സംവിധാനത്തിൻറെ ഭാഗമായി ബജറ്റ് വർഷത്തിൽ കിടപ്പ് രോഗികളെ പങ്കെടുപ്പിച്ച് പാലിയേറ്റീവ് സംഗമം സംഘടിപ്പിക്കും. പാലിയേറ്റീവ് പദ്ധതികൾക്കുള്ള വിഹിതമായി 60,00,000/- (അറുപത് ലക്ഷം) രൂപ ബജറ്റിൽ പ്രത്യേകം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**ആരോഗ്യം**

ആരോഗ്യ മേഖലയിൽ സമഗ്രമായ പുരോഗതി ബജറ്റ് വർഷത്തിൽ ലക്ഷ്യമിടുന്നു. ആരോഗ്യ അനുബന്ധ പ്രവർത്തനങ്ങൾക്കായി 2,50,00,000/- (രണ്ട് കോടി അമ്പത് ലക്ഷം) രൂപയാണ് വകയിരുത്തിയിട്ടുണ്ട്. താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് സെൻററിൻറെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി 40,00,000/- (നാൽപത് ലക്ഷം) രൂപയും ആശുപത്രിയുടെ ഭൌതിക സൌകര്യം മെച്ചപ്പെടുത്തുന്നതിനായി 50,00,000/- (അമ്പത് ലക്ഷം) രൂപയും മറ്റ് വികസന പ്രവർത്തനങ്ങൾക്കായി 25,00,000/- (ഇരുപത്തഞ്ച് ലക്ഷം) രൂപയും ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പകർച്ചവ്യാധി നിയന്ത്രണ പരിപാടിയ്ക്കാവശ്യമായ തുക ബജറ്റിൽ നിഷ്കർഷിച്ചിട്ടുണ്ട്. താലൂക്ക് ആശുപത്രിയുടെ എൻ ക്യൂ എ എസ് പദവി നിലനിർത്തുന്നതിനും കായകൽപ്പ് ഉൾപ്പെടെയുള്ള അവാർഡുകൾക്ക് സജ്ജമാകുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും 10,00,000/- (പത്ത് ലക്ഷം) രൂപ വകയിരുത്തുന്നു. കാൻസർ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ സൌജന്യമായി ലഭ്യമാക്കുന്നതിന് ജില്ലാ ആശുപത്രിയുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ ബജറ്റ് വർഷത്തിൽ നടത്തുന്നതാണ്.

നഗരസഭയിലെ നിർദ്ധനരായവർക്ക് കാൽമുട്ടിന് ആർത്രോസ്കോപ്പി സർജറി നടത്തുന്നതിനായി **താങ്ങായ് തണലായ് പദ്ധതി** നടപ്പിലാക്കും. ഇതിൻറെ ഭാഗമായി പ്രത്യേകം മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിച്ച് തിരൂരങ്ങാടി താലൂക്ക് ആശുപത്രി കേന്ദ്രീകരിച്ച് സൌജന്യ ചികിത്സ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതിയ്ക്ക് 25,00,000/-(ഇരുപത്തഞ്ച് ലക്ഷം) രൂപ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതും ആയത് വാർഷിക പദ്ധതി മുഖേന നടപ്പിലാക്കുന്നതുമാണ്.

സ്വകാര്യ ആശുപത്രികളുമായി ചേർന്ന് സൌജന്യ തിമിര ശസ്ത്രക്രിയ ക്യാമ്പ് സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഗവൺമെൻറ് ആയുർവ്വേദ ഡിസ്പെൻസറി, ഹോമിയോ ഡിസ്പെൻസറി എന്നിവയിലേക്ക് ആവശ്യമായ അധികമരുന്നുകൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്നതിന് 10,00,000/- (പത്ത് ലക്ഷം) രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

<u>കുടിവെള്ളം</u>

തിരൂരങ്ങാടി നഗരസഭയിലെ സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇതിൻറെ ഭാഗമായുള്ള പൈപ്പ് ലൈൻ പ്രവർത്തികൾ ഏറെകുറെ പൂർത്തിയായി വരുന്നു. ചന്തപ്പടി, കക്കാട് ടാങ്കുകളുടെ നിർമ്മാണ പ്രവർത്തി അന്തിമഘട്ടത്തിലാണ്. കരിപറമ്പ് മുതൽ പള്ളിപ്പടി വരെയുള്ള മെയിൻ പൈപ്പ് ലൈൻ പ്രവർത്തി ഉടൻ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നത്. സമഗ്ര കുടിവെള്ള പദ്ധതിയുടെ ഭാഗമായി അമൃത് പദ്ധതിയിൽ ഇതിനകം എണ്ണൂറോളം പേർക്ക് ഹൌസ് കണക്ഷൻ നൽകി കഴിഞ്ഞു. പദ്ധതിയിൽ ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ബജറ്റ് വർഷത്തോടെ പൂർണ്ണമായും കണക്ഷൻ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നിലവിലുള്ള പ്രവർത്തികളുടെ പൂർത്തീകരണത്തിന്ശേഷം വാട്ടർ അതോറിറ്റിയുടെ കുടിവെള്ള ശ്രൃംഖലയെ ആവശ്യമായ മാറ്റങ്ങൾ വരുത്തി മുഴുവൻ പ്രദേശങ്ങൾക്കും ആവശ്യത്തിന് ശുദ്ധജലം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നഗരത്തിലെത്തുന്നവർക്ക് കുടിവെള്ളം ലഭ്യമാക്കുന്നതിനായി പൊതുഇടങ്ങിൽ വാട്ടർ എ ടി എം സ്ഥാപിക്കും. കുടിവെള്ള പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾക്കായി 1,15,00,000/- (ഒരു കോടി പതിനഞ്ച് ലക്ഷം) രൂപ ബജറ്റിൽ പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

നഗരസഭയിൽ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി ജല പരിശോധന ലാബ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിനാവശ്യമായ സൌകര്യങ്ങൾ നഗരസഭാ സ്വരാജ് ഷോപ്പിംഗ് കോംപ്ലക്സിൻറെ മുകളിലെ നിലയിൽ ഒരുക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

__ശുചിത്വം - മാലിന്യ സംസ്കരണം__

മാലിന്യ സംസ്കരണ സംവിധാനം കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കുന്നതിനുള്ള പ്രൊജക്ടുകൾ വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കും. കെ എസ് ഡബ്ല്യ എം പി പദ്ധതിയിൽ നിലവിലുള്ള മുഴുവൻ പ്രവർത്തികളുടേയും നിർവ്വഹണം ദ്രുതഗതിയിൽ ആരംഭിക്കുന്നതിനുള്ള ചർച്ചകളും പ്രവർത്തനങ്ങളും ബജറ്റ് വർഷത്തിൽ നടത്തുന്നതാണ്. ജൈവ മാലിന്യങ്ങളുടെ ഉറവിട സംസ്കരണത്തിനായി വിവിധതരം ബിന്നുകൾ വീട്ടുകൾക്ക് നൽകും. കൂടാതെ പൊതുഇടങ്ങളിൽ ജൈവ മാലിന്യ സംസ്കരണത്തിനായി തുമ്പൂർമുഴി ഉൾപ്പെടെയുള്ള സംസ്കരണ ഉപാധികൾ സംഘടിപ്പിക്കും. മാലിന്യം അലക്ഷ്യമായി വലിച്ചെറിയുന്നവരെ കണ്ടത്താൻ നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സർവ്വലൈൻസ് ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളെ കുറിച്ച് ആലോചിക്കുന്നതാണ്.

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾ പരമാവധി പ്രയോജനപ്പെടുത്താൻ നഗരസഭയ്ക്ക് ആയിട്ടുണ്ട്. നിലവിലെ പോരായ്മകൾ പരിഹരിക്കും. ഇതിൻറെ ഭാഗമായി എല്ലാ വീട്ടുകളിലും പ്രത്യേകം സഞ്ചികൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കും. അതോടൊപ്പംതന്നെ ഹരിതകർമ്മസേനകൾക്ക് അധിക വരുമാനത്തിനായി തുണി സഞ്ചി, പേപ്പർ ബാഗ പോലെയുള്ള യൂണിറ്റുകൾ സ്ഥാപിച്ച് അവരെ സ്വയം പര്യാപ്തമാക്കാൻ പ്രത്യേക ബിസിനസ്സ് ഡവലപ്പ്മെൻറ് സ്കീം കൊണ്ട് വരുന്നതിനുള്ള ശ്രമം നടത്തും.

ഹെൽത്ത് ഗ്രാൻറുകൾക്ക് പുറമെ ശുചിത്വ മാലിന്യ സംസ്കരണത്തിന് പ്രത്യേകമായി 1,70,00,000/- (ഒരു കോടി എഴുപത് ലക്ഷം) രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

__പാർപ്പിടം__

തിരൂരങ്ങാടി നഗരസഭയിലെ അർഹരായ ഗുണഭോക്താക്കൾക്ക് പി എം എ വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകുന്നതിനായി 2,00,00,000/- (രണ്ട് കോടി) രൂപ വകയിരുത്തിയിട്ടുണ്ട്. പാർപ്പിട പദ്ധതിയിൽ നടപ്പ് വർഷത്തിലെ ബാലൻസ് തുക സ്പിൽ ഓവറായി ബജറ്റ് വർഷത്തിൽ കൂട്ടതലായി ഉൾപ്പെടുത്തും.

## മരാമത്ത് പ്രവൃത്തികൾ

മരാമത്ത് പ്രവൃത്തികളുടെ ഭാഗമായി സ്കൂളുകളുടേയും അങ്കണവാടികളുടേയും ഉൾപ്പെടെ മുഴുവൻ ഘടകസ്ഥാപനങ്ങളുടേയും ആവശ്യമായ മെയിൻറനൻസ് പ്രവൃത്തികൾ നടത്തും. ഇതിനാവശ്യമായ തുക മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള 1,50,00,000/-(ഒരു കോടി അമ്പത് ലക്ഷം) രൂപയിൽ നിന്നും കണ്ടെത്തും. നഗരസഭയിലെ വിവിധ റോഡുകളുടെ നിർമ്മാണത്തിനും പരിപാലനത്തിനുമായി 4,00,00,000/- (നാല് കോടി) രൂപ ബജറ്റിൽ പ്രത്യേകം ഉൾക്കൊള്ളിച്ചിട്ടുണ്ട്. നഗര സൌന്ദര്യവൽക്കരണത്തിൻറെ ഭാഗമായി പാതയോരങ്ങളിൽ സൌന്ദര്യവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് വാർഷിക പദ്ധതിയിൽ പ്രത്യേകം തുക അനുവദിക്കുന്നതാണ്.

നഗരസഭയുടെ ഓഫീസ് കെട്ടിടത്തിൽ രണ്ടാം നിലയിലുള്ള എം കെ ഹാജി മെമ്മോറിയൽ ഓഡിറ്റോറിയം നഗരസഭയുടെ ഉപയോഗത്തിന് പുറമെ പൊതുജനങ്ങൾക്ക് നിശ്ചിത വാടക നിശ്ചയിച്ച് ഓഫീസ് പ്രവർത്തനങ്ങൾക്ക് തടസ്സമാകാത്തവിധം വിവിധ പരിപാടികൾക്കായി നൽകുന്നതിന് നഗരസഭ ആലോചിച്ച് വരുന്നു. ഇതിൻറെ ഭാഗമായി ഹാളിൽ എസിയും എക്കോ പ്രൂഫും പുതിയ മൈക്ക് സിസ്റ്റവും സ്ഥാപിച്ച് ഹാളിനെ കൂടുതൽ നവീകരിക്കും. നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ സാധിക്കുമെന്ന് കരുതുന്നു.

## ഊർജ്ജം

നഗരസഭയുടെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ മെയിൻറനൻസ് ഏകീകൃത സ്വഭാവത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് പരിപാലനത്തിനുമായി 1,00,00,000/- (ഒരു കോടി) രൂപയും കൂടാതെ തെരുവ് വിളക്കുകൾക്കായി സ്ട്രീറ്റ് മെയിൻ വിപുലീകരിക്കുന്നതിനായി 30,00,000/- (മുപ്പത് ലക്ഷം) രൂപയും ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പ് വർഷത്തിൽ 2026 മാർച്ച് 6 വരെയുള്ള കാലയളവിൽ 73,38,340/- (എഴുപത്തി മൂന്ന് ലക്ഷത്തി മുപ്പത്തെട്ടായിരത്തി മൂന്നൂറ്റി നാൽപത് ) രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതുവഴി 13023 (പതിമൂവായിരത്തി ഇരുപത്തി മൂന്ന്) തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ബജറ്റ് വർഷത്തിൽ 1,00,00,000/- (ഒരു കോടി) രൂപ ചെലവ് പ്രതീക്ഷിക്കുന്നു. 16260 (പതിനാറായിരത്തി ഇരുന്നൂറ്റി അറുപത് ) തൊഴിൽ ദിനങ്ങൾ ഇതിലൂടെ സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## വിജ്ഞാന കേരളം

അഭ്യസ്ഥവിദ്യരും തൊഴിൽ നൈപുണ്യമുള്ളവരായവരേയും തൊഴിൽ മേഖലയിലേക്ക് കൊണ്ട് വരുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് വിജ്ഞാന കേരളം. കഴിഞ്ഞ വർഷം നഗരസഭയിലും ഇതിൻറെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ നഗരസഭയ്ക്ക് 226 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇതിൻറെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ഈ ബജറ്റ് വർഷം ആരംഭിക്കും.

## ഓഫീസ് സേവനം

നഗരസഭാ ഓഫീസിൻറെ അടിസ്ഥാന സേവന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ഓഫീസ് മോഡണൈസേഷൻ ആൻറ് ഐ എസ് ഒ സർട്ടിഫിക്കേഷൻ പദ്ധതി നടപ്പിലാക്കും. ഒരു സ്ഥാപനത്തിൻറെ പ്രവർത്തന നിലവാരത്തിൻറെ സാക്ഷ്യപ്പെടുത്തലാണ് ഐ എസ് ഒ സർട്ടിഫിക്കേഷൻ. ജനങ്ങൾ ആഗ്രഹിക്കുന്ന തരത്തിൽ മികച്ച സേവനം ഏർപ്പെടുത്തി നഗരസഭ മുന്നേറുകയാണ്. അതിനാൽ ഈ ബജറ്റ് വർഷം തന്നെ നഗരസഭയ്ക്ക് ഐ എസ് ഒ സർട്ടിഫിക്കേഷൻ നേടിയെടുക്കാനുള്ള അനുകൂല സാഹചര്യമാണുള്ളത്. ഇതിനാവശ്യമായ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. നഗരസഭയിലും ഘടകസ്ഥാപനങ്ങളിലും ജീവനക്കാരുടെ അറ്റൻറൻസ് രേഖപ്പെടുത്തുന്നതിന് ബയോ മെട്രിക് പഞ്ചിംഗ് സംവിധാനം ഒരുക്കും. ഇതിനാവശ്യമായ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നഗരസഭയിലെ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിൻറെ ഭാഗമായി ഓഫീസ് നവീകരിക്കേണ്ടത് അത്യന്താപേക്ഷിതമായി കാണുന്നു. കെട്ടിടം നവീകരിക്കൽ, ജീവനക്കാർക്കും സ്റ്റാൻറിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർക്കും ആവശ്യമായ കമ്പ്യൂട്ടറുകളും ലാപ്പ്ടോപ്പുകളും നൽകൽ, ഫയലുകൾ ഡിജിറ്റലൈസ് ചെയ്യൽ, കെ സ്മാർട്ട് സേവനം ഉപയോഗപ്പെടുത്തൽ എന്നിവയുടെ ഭാഗമായി ഓഫീസിൻറെ ഭൌതിക സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി ആരംഭിക്കും.

## ജി ഐ എസ് മാപ്പിംഗ്

വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ നഗരസഭയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ആവിഷ്കരിക്കുന്ന പദ്ധതിയാണ് ജി ഐ എസ് മാപ്പിംഗ്. ഈ പദ്ധതി പ്രകാരം നഗരസഭയിലെ മുഴുവൻ കെട്ടിടങ്ങളുടെ വിവരങ്ങളും മാപ്പ് ചെയ്യപ്പെടും. കൂടാതെ റോഡ്, ലാൻഡ് മാർക്കുകൾ, തണ്ണീർത്തടങ്ങൾ തുടങ്ങിയവയുടെ മാപ്പിംഗും ഇതിലൂടെ സാധ്യമാകും. നിലവിൽ പ്രവർത്തനമാരംഭിച്ച ഈ പദ്ധതി ബജറ്റ് വർഷത്തിൽ പൂർത്തീകരിക്കും.

ദുരിതാശ്വാസ പ്രവർത്തനങ്ങൾ

